No. CEE/3393/LLM-2019/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## എൽ.എൽ.എം. 2019

# ഒഴിവുകൾ നികത്തുന്നതിനുള്ള ഓൺലൈൻ മോപ്–അപ് അലോട്ട്മെന്റിൽ ഓപ്ഷൻ നൽകാൻ അവസരം

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2019–20 വർഷത്തെ എൽഎൽ.എം കോഴ്സിന്റെ ഒഴിവുള്ള സീറ്റുകൾ 19.06.2020 ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് (G.O.(Rt)No.825/2020/HEDN) പ്രകാരം ഓൺലൈൻ മോപ്–അപ് അലോട്ട്മെന്റ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ നികത്തുന്നതായിരിക്കും. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എൽ.എൽ.എം. 2019 ന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും 23.06.2020 മുതൽ 25.06.2020, വൈകുന്നേരം 5.00 മണി വരെ ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും ഒഴിവുകൾ നികത്തപ്പെടുന്ന ഘട്ടത്തിൽ പുതുതായി ഉണ്ടാകുന്ന സീറ്റുകളിലേയ്ക്കുമുള്ള ഓൺലൈൻ അലോട്ട്മെന്റ് 26.06.2020 വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 23.06.2020 | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷനുള്ള വെബ്സൈറ്റ് സൗകര്യം സജ്ജമാകുന്നു. |
| 25.06.2020<br>**വൈകിട്ട് 05.00 മണി** | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു. |
| 26.06.2020<br>**വൈകിട്ട് 5 മണി** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 27.06.2020 to 29.06.2020<br>**വൈകിട്ട് 4 മണി** | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അവരുടെ ഫീസ് ഒടുക്കേണ്ടതും അഡ്മിഷൻ നേടേണ്ടതുമാണ്. |
| 29.06.2020<br>**വൈകിട്ട് 5.00 മണി** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം **(OAMS)** മുഖേന സമർപ്പിക്കണം. |

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളെയും ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

***അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്ക് മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മോപ്–അപ് അലോട്ട്മെന്റ് വേളയിൽ പുതുതായി ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ താത്പര്യമുള്ള കോളേജിലേയ്ക്ക് ഓപ്ഷൻ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും അത്തരത്തിൽ ലഭ്യമാകുന്നഅലോട്ട്മെന്റ് സ്വീകരിക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരുമാണ്. നിലവിൽ അഡ്മിഷനിൽ ഇരിക്കുന്ന വിദ്യാർത്ഥിക്ക് ഈ അലോട്ട്മെന്റ് പ്രകാരം സീറ്റ് മാറി കിട്ടുകയാണെങ്കിൽ നിലവിലെ സീറ്റ് റദ്ദാകുന്നതാണ്.***

**26.06.2020** ന് നടക്കുന്ന അലോട്ട്മെന്റിനു ശേഷം വരുന്ന ഒഴിവുകൾ അതത് കോളേജുകൾ **30.06.2020** ന് സ്പോട്ട് അഡ്മിഷൻ വഴി നികത്തുന്നതായിരിക്കും.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.govin എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
22.06.2020

Geetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**